പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3074          19-6-2018 ലെ മറുപടിക്ക്

**പരമ്പരാഗത തെങ്ങിനങ്ങൾക്ക് സംരക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) കരുനാഗപ്പള്ളി താലൂക്കിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ആദിനാട് പ്രദേശത്ത് ഗുണമേന്മയും പ്രതിരോധശേഷിയും കൂടിയ പരമ്പരാഗത തെങ്ങിനങ്ങൾക്ക് പേറ്റൻസി ലഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര നാളികേര ഗവേഷണ കേന്ദ്രം പത്രമാധ്യമങ്ങളിലൂടെ അറിയിക്കുകയുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദീകരിക്കുമോ ? | (എ) കരുനാഗപള്ളി താലൂക്കിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ആദിനാട് പ്രദേശത്ത് കാണപ്പെടുന്ന നെടിയ ഇനം തെങ്ങുകൾക്ക് രോഗപ്രതിരോധ ശേഷിയും ഉല്പാദനക്ഷമതയും, നാളികേരത്തിന്റെ വലിപ്പവും , എണ്ണയുടെ അളവും മറ്റിനങ്ങളെ അപേക്ഷിച്ച് കൂടുതൽ ഉള്ളതായി അവകാശപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ഏതെങ്കിലും ഗവേഷണ സ്ഥാപനങ്ങൾ പഠനം നടത്തിയതിന്റെ റിപ്പോർട്ടുകൾ ലഭ്യമല്ല. കേന്ദ്രസ്ഥാപനമായ കാസർകോഡ് തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ ഫീൽഡ് സന്ദർശനം നടത്തി പേറ്റന്റ് ലഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്താമെന്നുള്ള സന്നദ്ധത അറിയിച്ചിട്ടില്ല. |
| ((ബി) ഗുണമേന്മയുള്ള തെങ്ങിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; | (ബി) സമഗ്ര നാളികേര കൃഷി വികസനത്തിനായി കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പാക്കുന്നുണ്ട്. അത്യുൽപ്പാദനശേഷിയുള്ള ഇടത്തരം പൊക്കമുള്ള തെങ്ങുകളുടേയും കുറിയ ഇനം തെങ്ങുകളുടേയും |

| | |
|---|---|
| | മാതൃകാപ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയും നിലവിലുണ്ട്. കൂടാതെ പ്രായാധിക്യവും, രോഗകീടബാധമൂലവും, ഉല്പാദന ക്ഷമത നശിച്ച തെങ്ങുകൾ വെട്ടി മാറ്റി, ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിനും, ശേഷിക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനായുള്ള നാളികേരവികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും നിലവിൽ നടപ്പിലാക്കുന്നുണ്ട്. ഇതിന് പുറമെ ജനകീയാസൂത്രണ പദ്ധതിയിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ പ്രാദേശികമായി ആസൂത്രണം ചെയ്തും നടപ്പിലാക്കാവുന്നതാണ്. |
| (സി) ആദിനാട് പ്രദേശത്ത് പ്രത്യേക പഠനവും തെങ്ങുകളെ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതിയും നടപ്പിലാക്കുമോ വിശദീകരിക്കുമോ ; | (സി) ഇക്കാര്യം പരിശോധിക്കുന്നതാണ് |
| (ഡി) ഈ പ്രദേശത്തുള്ള തെങ്ങിനങ്ങളുടെ തൈകൾ സംസ്ഥാനത്താകെ പ്രചരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഈ പ്രദേശത്തുള്ള തെങ്ങിനങ്ങളുടെ പ്രത്യേകതകൾ ഗവേഷണ സ്ഥാപനങ്ങൾ പഠന വിധേയമാക്കിയ ശേഷം അവ നൽകുന്ന റിപ്പോർട്ടുകളുടേയും ശുപാർശകളുടേയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

അണ്ടർസെക്രട്ടറി